# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

**നം.പി.ആർ. 57/2026** തിരുവനന്തപുരം, തീയതി: **16/03/2026**

## പത്രക്കുറിപ്പ്

## കേരളസർവകലാശാല യൂണിയൻ (2025 - 26) ഭാരവാഹികളുടേയും, സെനറ്റ്/സ്റ്റുഡന്റ്സ് കൗൺസിലിലേക്കുള്ള വിദ്യാർത്ഥി പ്രതിനിധികളുടേയും തെരഞ്ഞെടുപ്പ് മാറ്റി വച്ചു

18.03.2026 ന് നടത്താൻ നിശ്ചയിച്ചിരുന്ന കേരളസർവകലാശാല യൂണിയൻ (2025-26) ഭാരവാഹികളുടേയും, സെനറ്റ്/സ്റ്റുഡന്റ്സ് കൗൺസിലിലേക്കുള്ള വിദ്യാർത്ഥി പ്രതിനിധികളുടേയും തെരഞ്ഞെടുപ്പ് നടപടികൾ കേരള നിയമസഭാ തെരഞ്ഞെടുപ്പ് 2026-ന്റെ മാതൃക പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാൽ മാറ്റി വച്ചിരിക്കുന്നു. തുടർ നടപടികൾ പിന്നീട് അറിയിക്കുന്നതാണ്.

## പരീക്ഷ മാറ്റിവച്ചു

കേരളസർവകലാശാല 2026 മാർച്ച് 18 ന് നടത്താൻ നിശ്ചയിച്ചിരുന്ന അഞ്ചാം സെമസ്റ്റർ യൂണിറ്ററി (ത്രിവത്സര) എൽഎൽബി ഡിഗ്രി പരീക്ഷ 2026 ഏപ്രിൽ 06 ലേക്ക് മാറ്റിവച്ചിരിക്കുന്നു. പരീക്ഷ സമയത്തിനോ കേന്ദ്രത്തിനോ മാറ്റമില്ല.

## പരീക്ഷ

കേരളസർവകലാശാല 2026 മാർച്ച് 11, 18 തീയതികളിൽ നടത്താനിരുന്നതും മാറ്റിവച്ചതുമായ ഒന്നാം സെമസ്റ്റർ ബിവോക് സോഫ്റ്റ്വെയർ ഡെവലപ്മെന്റ് (351), ബിവോക് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (352), ബിവോക് ഫുഡ് പ്രോസസ്സിംഗ് ആന്റ് മാനേജ്മെന്റ് (356) പരീക്ഷകൾ 2026 മാർച്ച് 23, 25 തീയതികളിൽ നടത്തുന്നു.

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബിഎസ്സി ഇലക്ട്രോണിക്സ് സ്പെഷ്യൽ ഡിഗ്രി ഡിസംബർ 2025 പരീക്ഷ, 2026 മാർച്ച് 23 ന് ധനുവച്ചപുരം കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സ്പെഷ്യൽ പരീക്ഷ

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബിഎ ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (133) ഡിസംബർ 2025 പരീക്ഷയുടെ സ്പെഷ്യൽ പരീക്ഷ 2026 മാർച്ച് 23 മുതൽ ബന്ധപ്പെട്ട പരീക്ഷാകേന്ദ്രത്തിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാവിജ്ഞാപനം

കേരളസർവകലാശാല 2026 ഏപ്രിലിൽ ആരംഭിക്കുന്ന പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബിഎ/ബികോം/ബിബിഎ എൽഎൽബി ബിരുദ പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ (ഐ.എം.കെ) എം.ബി.എ. (ജനറൽ), എം.ബി.എ. (ട്രാവൽ ആന്റ് ടൂറിസം), എം.ബി.എ. (ഷിപ്പിംഗ് ആന്റ് ലോജിസ്റ്റിക്സ്) കോഴ്സുകളിലേക്ക് (2026-28 ബാച്ച്) പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു**

കേരളസർവകലാശാലയ്ക്ക് കീഴിൽ കാര്യവട്ടം ക്യാമ്പസിൽ പ്രവർത്തിക്കുന്നതും, സർക്കാർ തലത്തിലെ ഏറ്റവും മികച്ച ബിസിനസ് സ്കൂളുകളിൽ ഒന്നും ആയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ (ഐ.എം.കെ), സി.എസ്.എസ് സ്ട്രീമിൽ, എം.ബി.എ. (ജനറൽ), എം.ബി.എ. (ട്രാവൽ ആന്റ് ടൂറിസം), എം.ബി.എ. (ഷിപ്പിംഗ് ആന്റ് ലോജിസ്റ്റിക്സ്) കോഴ്സുകളിലേക്ക് (2026-28 ബാച്ച്) പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു.

അപേക്ഷാർത്ഥിക്ക് സാധുവായ K-MAT (2026), CAT/C-MAT (2025 & 2026) സ്കോർ കാർഡ് ഉണ്ടായിരിക്കേണ്ടതാണ്. www.admissions.keralauniversity.ac.in എന്ന യൂണിവേഴ്സിറ്റി പോർട്ടൽ വഴി 20.04.2026, 10.00 pm വരെ ആദ്യഘട്ട അപേക്ഷകൾ സ്വീകരിക്കുന്നതായിരിക്കും. പ്രസ്തുത തീയതിക്ക് മുൻപായി അപേക്ഷ സമർപ്പിക്കുന്ന മുഴുവൻ അപേക്ഷാർത്ഥികളെയും 23.04.2026, 24.04.2026 എന്നീ തീയതികളിൽ നിശ്ചയിച്ചിരിക്കുന്ന ഗ്രൂപ്പ് ഡിസ്കഷൻ, പേഴ്സണൽ ഇന്റർവ്യൂ എന്നിവയ്ക്കായി ക്ഷണിക്കുന്നതും, പ്രവേശന പരീക്ഷ (80%), ഗ്രൂപ്പ് ഡിസ്കഷൻ (10%), പേഴ്സണൽ ഇന്റർവ്യൂ (10%) എന്നിവയുടെ അടിസ്ഥാനത്തിൽ പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി 30.04.2026 ന് പ്രസിദ്ധീകരിക്കുന്നതും ആയിരിക്കും. തുടർന്ന് 07.05.2026 ന് ഐ.എം.കെ. യുടെ കാര്യവട്ടം കാമ്പസിൽ വച്ച് കൗൺസിലിംഗ് നടത്തുന്നതും അതിൻപ്രകാരം ക്ലാസുകൾ ആരംഭിക്കുന്നതുമായിരിക്കും.

രജിസ്ട്രേഷൻ ഫീസ് ജനറൽ വിഭാഗത്തിന് 1000 രൂപയും, എസ് സി/എസ് ടി വിഭാഗത്തിന് 500 രൂപയും ആണ്. പ്രോസ്പെക്ടസ്, അപേക്ഷാ ഫോം എന്നിവയുടെ വിശദാംശങ്ങൾക്കായി യൂണിവേഴ്സിറ്റി പോർട്ടൽ സന്ദർശിക്കുക.

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ (ഐ.എം.കെ), എം.ബി.എ ജനറൽ (ഈവനിംഗ് - റെഗുലർ) (2026-28 ബാച്ച്) പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു**

കേരളസർവകലാശാലയ്ക്ക് കീഴിൽ കാര്യവട്ടം ക്യാമ്പസിൽ പ്രവർത്തിക്കുന്നതും, സർക്കാർ തലത്തിലെ ഏറ്റവും മികച്ച ബിസിനസ് സ്കൂളുകളിൽ ഒന്നും ആയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ (ഐ.എം.കെ), സി.എസ്.എസ് സ്ട്രീമിൽ, എം.ബി.എ ജനറൽ (ഈവെനിംഗ് - റെഗുലർ) (2026-28 ബാച്ച്) പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു.

ഇൻഡസ്ട്രി സർവീസ് സെക്ടറിൽ ഓഫീസർ ആയോ എക്സിക്യൂട്ടീവ് ആയോ കുറഞ്ഞത് രണ്ട് വർഷത്തെ പ്രവൃത്തി പരിചയം ഉള്ള ബിരുദധാരികൾക്ക് അപേക്ഷിക്കാവുന്നതാണ്. www.admissions.keralauniversity.ac.in എന്ന യൂണിവേഴ്സിറ്റി പോർട്ടൽ വഴി 20.04.2026, 10.00 pm വരെ അപേക്ഷകൾ സ്വീകരിക്കുന്നതായിരിക്കും. പ്രസ്തുത തീയതിക്ക് മുൻപായി അപേക്ഷ സമർപ്പിക്കുന്ന മുഴുവൻ അപേക്ഷാർത്ഥികളെയും 23.04.2026, 24.04.2026 തീയതികളിൽ നിശ്ചയിച്ചിരിക്കുന്ന ഗ്രൂപ്പ് ഡിസ്കഷൻ, പേഴ്സണൽ ഇന്റർവ്യൂ എന്നിവയ്ക്കായി ക്ഷണിക്കുന്നതും, ബിരുദ തലത്തിൽ ലഭിച്ച മാർക്ക് (80%), ഗ്രൂപ്പ് ഡിസ്കഷൻ (10%), പേഴ്സണൽ ഇൻറർവ്യൂ (10%) എന്നിവയുടെ അടിസ്ഥാന ത്തിൽ പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി 30.04.2026 ന്

പ്രസിദ്ധീകരിക്കുന്നതുമായിരിക്കും. തുടർന്ന് 07.05.2026 ന് ഐ.എം.കെയുടെ കാര്യവട്ടം കാമ്പസിൽ വച്ച് കൗൺസിലിംഗ് നടത്തുന്നതും അതിൻപ്രകാരം ക്ലാസുകൾ ആരംഭിക്കുന്നതുമായിരിക്കും.

രജിസ്ട്രേഷൻ ഫീസ് ജനറൽ വിഭാഗത്തിന് 1000 രൂപയും, എസ് സി/എസ് ടി വിഭാഗത്തിന് 500 രൂപയും ആണ്. വിശദവിവരങ്ങൾക്കായി യൂണിവേഴ്സിറ്റി പോർട്ടൽ www.admissions.keralauniversity.ac.in സന്ദർശിക്കുക.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)**

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**